ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:03.03.2025**

## പ്രധാനവാർത്തകൾ

1) താമരശ്ശേരിയിൽ വിദ്യാർത്ഥി കൊല്ലപ്പെട്ടത് ഉൾപ്പെടെയുള്ള അക്രമസംഭവങ്ങൾ ഉണ്ടാകുന്ന സാഹചര്യം നിയമസഭ നിർത്തിവച്ച് ചർച്ച ചെയ്യുന്നു.

2) പാലക്കാട് എലപ്പുള്ളിയിൽ മദ്യനിർമ്മാണശാല വരുന്നത് ജലദൗർലഭ്യതക്ക് ഇടയാക്കില്ലെന്ന് മന്ത്രി എംബി രാജേഷ്.

3) ആശാ വർക്കർമാർക്ക് ഏറ്റവും കൂടുതൽ ഓണറേറിയം നൽകുന്ന സംസ്ഥാനം കേരളമാണെന്ന് മന്ത്രി വീണ ജോർജ്. നിയമസഭയക്ക് മുന്നിൽ പ്രതിഷേധവുമായി ആശമാർ.

4) സംസ്ഥാനത്തെ പൊതുവിതരണ ശൃംഖലയിലെ കരിഞ്ചന്ത തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നതായി മന്ത്രി ജി ആർ അനിൽ നിയമസഭയിൽ.

5) 97-ാമത് ഓസ്കർ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. മികച്ച സിനിമ, ഉൾപ്പെടെ അഞ്ച് പ്രധാന പുരസ്കാരങ്ങൾ സ്വന്തമാക്കി റഷ്യൻ ചലച്ചിത്രം അനോറ.

6) ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് ചെന്നൈയിൻ എഫ് സി - നോർത്ത് ഈസ്റ്റ് യുണൈറ്റഡ് പോരാട്ടം.

RNU TVPM

*************************************************

## പ്രധാനമന്ത്രി-ഗുജറാത്ത്

ഗുജറാത്തിലെ ജുനഗഡ് ജില്ലയിൽ ദേശീയ വന്യജീവി ബോർഡ് ഏഴാമത് യോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുത്തു. പ്രധാനമന്ത്രി ചെയർപേഴ്സണായ ബോർഡിൽ 47 അംഗങ്ങളാണുള്ളത്. രാവിലെ പ്രധാനമന്ത്രി ഗിർ ദേശീയ ഉദ്യാനം സന്ദർശിച്ചിരുന്നു. മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ശനിയാഴ്ചയാണ് അദ്ദേഹം ഗുജറാത്തിലെത്തിയത്.

*******************************************************

## നിയമസഭ - ഉപക്ഷേപം

താമരശ്ശേരിയിൽ വിദ്യാർത്ഥികൾ തമ്മിലുണ്ടായ സംഘർഷത്തിൽ ഷഹബാസ് എന്ന വിദ്യാർത്ഥി കൊല്ലപ്പെട്ടത് ഉൾപ്പെടെയുള്ള അക്രമസംഭവങ്ങൾ ഉണ്ടാകുന്ന സാഹചര്യം ഇന്ന് നിയമസഭ നിർത്തിവച്ച് ചർച്ച ചെയ്യുന്നു. പ്രതിപക്ഷത്ത് നിന്ന് രമേശ് ചെന്നിത്തലയാണ് വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യാനുള്ള ഉപക്ഷേപത്തിന് നോട്ടീസ് നല്കിയത്. അതീവ ഗൗരവമുള്ള വിഷയമാണിതെന്നും അതിനാൽ വിഷയം സഭയിൽ ചർച്ച ചെയ്യാമെന്നും മുഖ്യമന്ത്രി അറിയിച്ചു. മുഖ്യമന്ത്രിയുടെ മറുപടിയെ തുടർന്ന് വിഷയം ചർച്ച ചെയ്യാൻ സ്പീക്കർ അനുമതി നൽകുകയായിരുന്നു.

RNUTVPM

*******************************************************

## നിയമസഭ - എം ബി രാജേഷ് INTRO

പാലക്കാട് എലപ്പുള്ളിയിൽ മദ്യനിർമ്മാണശാല വരുന്നത് ജലദൗർലഭ്യതക്ക് ഇടയാക്കില്ലെന്ന് മന്ത്രി എംബി രാജേഷ് നിയമസഭയിൽ പറഞ്ഞു. 5 ലക്ഷം ലിറ്ററാണ് പ്രതിദിനം മദ്യ നിർമ്മാണത്തിനായി ആവശ്യം വരുക. ഇത് മഴ വെള്ള സംഭരണിയിലൂടെ ലഭ്യമാകും. മലമ്പുഴ ഡാമിൽ നിന്നും വളരെ

കുറച്ച് വെള്ളം മാത്രമേ ആവശ്യം വരുകയുള്ളു. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് സ്പിരിറ്റ് എത്തിക്കുന്നതിലൂടെ 100 കോടിയോളം രൂപ ജി എസ് ടി നഷ്ടം സംസ്ഥാനത്തിന് ഉണ്ടാകുന്നതായും മന്ത്രി വ്യക്തമാക്കി.

(വോയ്സ്)

*****************************************************

## ആശാവർക്കർ - വീണാ ജോർജ്

ആശാ വർക്കർമാർക്ക് ഏറ്റവും കൂടുതൽ ഓണറേറിയം നൽകുന്ന സംസ്ഥാനം കേരളമാണെന്ന് മന്ത്രി വീണ ജോർജ്. ഇത് സംബന്ധിച്ച് നിയമസഭയിൽ കെ ശാന്തകുമാരിയുടെ ശ്രദ്ധക്ഷണിക്കലിന് മറുപടി നൽകുകയായിരുന്നു മന്ത്രി. ആശാ വർക്കർമാർക്ക് കൊടുക്കാനുള്ള 100 കോടി രൂപയിൽ കേന്ദ്ര സർക്കാർ ഇതുവരെ ഒരു തുകയും നൽകിയിട്ടില്ലെന്നും മന്ത്രി പറഞ്ഞു. അതേസമയം, വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് സെക്രട്ടറിയേറ്റിൽ സമരം നടത്തിയിരുന്ന ആശാവർക്കർമാർ നിയമസഭയിലേക്ക് പ്രതിഷേധ മാർച്ച് സംഘടിപ്പിച്ചു. പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പ്രതിഷേധ മാർച്ചിന് പിന്തുണയുമായി എത്തി.

PRUTVPM

*****************************************************

## നിയമസഭ - ജി ആർ അനിൽ INTRO

സംസ്ഥാനത്തെ പൊതുവിതരണ ശൃംഖലയിലെ ഭക്ഷ്യധാന്യങ്ങളുടെ കരിഞ്ചന്ത, പൂഴ്ത്തി വയ്പ് എന്നിവ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നതായി മന്ത്രി ജി ആർ അനിൽ. കെ സ്റ്റോർ പദ്ധതി സംസ്ഥാനത്തെ 1779 റേഷൻ കടകളിൽ വ്യാപിപ്പിച്ചിട്ടുണ്ട്. ഈ വർഷം 2500 ന്യായവില ഷോപ്പുകളിലേക്ക് കെ-സ്റ്റോർ പദ്ധതി എത്തിക്കാനാണ് ലക്ഷ്യമിടുന്നതെന്നും മന്ത്രി നിയമസഭയിൽ അറിയിച്ചു.

(വോയ്സ്)

*********************************************

## നിയമസഭ - വീണാ ജോർജ്

ആരോഗ്യം ആനന്ദം അകറ്റാം അർബുദം എന്ന ക്യാമ്പയിനിലൂടെ അഞ്ച് ലക്ഷത്തോളം പേരെ പ്രാഥമിക ക്യാൻസർ രോഗ നിർണ്ണയ പരിശോധനയ്ക്ക് വിധേയമാക്കിയതായി മന്ത്രി വീണാ ജോർജ്. എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഈ സൗകര്യം ഒരുക്കിയിട്ടുണ്ട്. തുടർ പരിശോധനകൾക്കായി എല്ലാ ജില്ലകളിലും ക്യാൻസർ ഗ്രിഡ് രൂപീകരിച്ചിട്ടുണ്ടെന്നും മന്ത്രി നിയമസഭയെ അറിയിച്ചു.

*********************************************

## കശുവണ്ടി - നിയമസഭ

സംസ്ഥാനത്തെ കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കാനുള്ള എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുമെന്ന് മന്ത്രി പി രാജീവ് നിയമസഭയിൽ പറഞ്ഞു. സ്വകാര്യ കശുവണ്ടി വ്യവസായശാലകളിലെ തൊഴിലാളികളുടെ പി എഫിൽ തൊഴിലുടമയുടെ വിഹിതം അടയ്ക്കുന്നതിന് സർക്കാർ 20 കോടി രൂപ മാറ്റി വച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

RNUTVPM

*********************************************

## എസ് എസ് എൽ സി / പ്ലസ് ടു

സംസ്ഥാനത്ത് SSLC, ഹയർസെക്കൻഡറി പരീക്ഷകൾക്ക് തുടക്കമായി. നാല് ലക്ഷത്തി 27,021 വിദ്യാർത്ഥികളാണ് ഇത്തവണ SSLC പരീക്ഷ എഴുതുന്നത്. ഗൾഫ് മേഖലയിൽ 682 കുട്ടികളും, ലക്ഷദ്വീപ് മേഖലയിൽ 447 കുട്ടികളും പരീക്ഷ എഴുതുന്നുണ്ട്. ഉച്ചയ്ക്ക് ശേഷമാണ് ഹയർസെക്കൻഡറി പരീക്ഷകൾ. എല്ലാ പരീക്ഷകളും ഈ മാസം 26 ന് അവസാനിക്കും.

*********************************************

## <u>ബ്രേക്ക്</u>

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്......

*******************************************************

## <u>കേരള കെയർ - മുഖ്യമന്ത്രി</u>

'കേരള കെയർ' പാലിയേറ്റീവ് കെയർ ഗ്രിഡ് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നാടിന് സമർപ്പിക്കും. തിരുവനന്തപുരത്ത് നടക്കുന്ന പരിപാടിയിൽ മന്ത്രിമാരായ വീണാ ജോർജ്, എം ബി രാജേഷ് എന്നിവർ സന്നിഹിതരാകും. സർക്കാർ, സന്നദ്ധ മേഖലകളിൽ പ്രവർത്തിക്കുന്ന മുഴുവൻ പാലിയേറ്റീവ് കെയർ യൂണിറ്റുകളേയും ഉൾപ്പെടുത്തിയാണ് പാലിയേറ്റീവ് കെയർ ഗ്രിഡ് രൂപീകരിച്ചിരിക്കുന്നത്.

*******************************************************

RNU TVPM

## <u>വന്യജീവി ദിനം (ഇൻട്രോ)</u>

ഇന്ന് ലോക വന്യജീവി ദിനം. പ്രകൃതി സന്തുലനത്തിൽ വന്യജീവികളുടെ പ്രാധാന്യത്തെ കുറിച്ച് അവബോധം വർധിപ്പിക്കാനാണ് ഐക്യരാഷ്ട്ര സഭ ഈ ദിനാചരണത്തിലൂടെ ലക്ഷ്യമിടുന്നത്. " വന്യജീവി സംരക്ഷണത്തിനുള്ള ധനസഹായം - ജനങ്ങളിലും ഭൂമിയിലുള്ള നിക്ഷേപം" എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം. മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനായി ശാസ്ത്രീയ മാർഗ്ഗങ്ങളും സമൂഹത്തിൻറെ എല്ലാ മേഖലയിലുള്ള ജനങ്ങളുടെ സഹകരണവും ആവശ്യമാണെന്ന് കോട്ടയം വൈൽഡ് ലൈഫ് സർക്കിളിലെ വൈൽഡ് ലൈഫ് എഡ്യൂക്കേഷൻ ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി റെനി ആർ പിള്ള ആകാശവാണി വാർത്തകളോട്....

(ഹോൾഡ് വോയിസ് )

*******************************************************

## താമരശ്ശേരി - പ്രതിഷേധം

കോഴിക്കോട് താമരശ്ശേരിയിൽ വിദ്യാർഥിയുടെ മരണത്തിനിടയാക്കിയ സംഘർഷവുമായി ബന്ധപ്പെട്ട് ഒബ്സർവേഷൻ ഹോമിൽ കഴിയുന്ന അഞ്ച് കുട്ടികൾ SSLC പരീക്ഷ എഴുതി. പ്രതിഷേധ സാധ്യത കണക്കിലെടുത്ത് പ്രത്യേകം സംവിധാനമൊരുക്കിയാണ് പരീക്ഷ എഴുതിപ്പിച്ചത്. അതേസമയം, കുട്ടികളെ പരീക്ഷയ്ക്ക് ഇരുത്തുന്നതിന് എതിരെ വിവിധ സംഘടനകൾ പ്രതിഷേധവുമായി രംഗത്തെത്തിയിരുന്നു.

*****************************************************

## തപാൽ കലാമേള-കോഴിക്കോട് (ഇൻട്രോ)

അഖിലന്ത്യാ തപാൽ കലാമേളക്ക് കോഴിക്കോട് തുടക്കമായി. രാജ്യത്തെ പോസ്റ്റൽ ജീവനക്കാർക്കായി പ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവിധ കാറ്റഗറികളിലായി മത്സരങ്ങൾ നടക്കും. രാജ്യത്താദ്യമായി യുനെസ്കോ സാഹിത്യനഗരി പദവി നേടിയ കോഴിക്കോടിന്റെ പേരിൽ തപാൽ വകുപ്പ് ഇറക്കുന്ന സ്പെഷ്യൽ കവർ പ്രകാശനം ചെയ്തു. മേള ഈ മാസം ഏഴിന് സമാപിക്കും. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു ..**

(വോയ്സ്)

*****************************************************

## ഓസ്കാർ

97-ാമത് ഓസ്കർ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. മികച്ച സിനിമ, സംവിധാനം, നടി, അവലംബിത തിരക്കഥ ഉൾപ്പെടെ അഞ്ച് പ്രധാന പുരസ്കാരങ്ങൾ റഷ്യൻ ചലച്ചിത്രം **അനോറ** സ്വന്തമാക്കി. ഷോൺ ബേക്കറാണ് മികച്ച സംവിധായകൻ. മികച്ച നടനായി എഡ്രിയൻ ബ്രോഡിയും മികച്ച നടിയായി മിക്കി മാഡിസണും

RNUTVPM

തിരഞ്ഞെടുക്കപ്പെട്ടു. അതെസമയം ഓസ്കറിൽ ഇന്ത്യയ്ക്ക് നിരാശ. ഹ്രസ്വ ചിത്ര വിഭാഗത്തിൽ മത്സരിച്ച ഹിന്ദി ചിത്രം അനുജയ്ക്ക് പുരസ്കാരം ലഭിച്ചില്ല.

*******************************************************

## ഐ എസ് എൽ

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് ചെന്നൈയിൻ എഫ് സി - നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ നേരിടും. രാത്രി 7.30 ന് ചെന്നൈയിലാണ് മത്സരം.

*******************************************************

## ഐസിസി ചാമ്പ്യൻസ് ട്രോഫി

ഐസിസി ചാമ്പ്യൻസ് ട്രോഫിയിൽ ഇന്ത്യ സെമിഫൈനലിൽ കടന്നു. ഇന്നലെ നടന്ന അവസാന ലീഗ് മത്സരത്തിൽ ന്യൂസിലൻഡിനെ 44 റൺസിനാണ് ഇന്ത്യ പരാജയപ്പെടുത്തിയത്. നാളെ ദുബായിൽ നടക്കുന്ന ആദ്യ സെമിയിൽ ഇന്ത്യ ഓസ്ട്രേലിയയെ നേരിടും.

RNUTVPM

*******************************************************

## നവീൻ ബാബു

കണ്ണൂർ എ ഡി എം ആയിരുന്ന നവീൻ ബാബുവിന്റെ മരണത്തിൽ സി ബി ഐ അന്വേഷണം വേണമെന്ന് ആവശ്യപ്പെട്ട് ഭാര്യ നല്കിയ ഹർജി ഹൈക്കോടതി തള്ളി. നേരത്തെ സിംഗിൾ ബഞ്ച് ഹർജി തള്ളിയതിനെ തുടർന്ന് ഡിവിഷൻ ബഞ്ചിൽ നൽകിയ അപ്പീലാണ് കോടതി വീണ്ടും നിരസിച്ചത്. തുടർ നടപടികൾ ആലോചിച്ച് തീരുമാനിക്കുമെന്ന് നവീൻ ബാബുവിന്റെ കുടുംബം മാധ്യമങ്ങളോട് പ്രതികരിച്ചു.

*******************************************************

## മരണം

പ്രശസ്ത വൃക്കരോഗ വിദഗ്ദ്ധൻ ഡോ.ജോർജ് P അബ്രഹാമിനെ നെടുമ്പാശേരിയിലെ ഫാം ഹൗസിൽ മരിച്ച നിലയിൽ കണ്ടെത്തി. 77 വയസ്സായിരുന്നു. എറണാകുളത്തെ സ്വകാര്യ ആശുപത്രിയിൽ സീനിയർ സർജ്ജനായിരുന്ന അദ്ദേഹം 2,500- ലധികം വൃക്ക മാറ്റ ശസ്ത്രക്രിയകൾക്ക് നേതൃത്വം നൽകിയിട്ടുണ്ട്.

*************************************

**************************************************************************************************************************************

RNU TVPM